# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - T 2709 19-12-2012 ൽ മറുപടിക്ക്

### എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലെ നിയമനം പരമാവധി പ്രായപരിധി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റോഷി അഗസ്റ്റിൻ | ശ്രീ. ഷിബു ബേബി ജോൺ<br>(ബഹു. തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| (എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ട് മുപ്പതു വർഷത്തിലധികം സീനിയോറിറ്റി ഉള്ളവരും, നിശ്ചിത പ്രായപരിധിയായ 50 വയസ് പൂർത്തിയായവരും, നാളിതുവരെ ഒരു ജോലിക്കും പരിഗണിക്കപ്പെട്ടിട്ടില്ലാത്തവരുമായ ഉദ്യോഗാർത്ഥികളുടെ ദയനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) ഇപ്രകാരം പരമാവധി പ്രായപരിധിയിൽ എത്തിനില്ക്കുന്ന ഉദ്യോഗാർത്ഥികൾക്ക് അവസാന അവസരമെന്നത് കണക്കിലെടുത്ത് പ്രത്യേക പരിഗണന നല്കി പാർട്ട് ടൈം തസ്തികകളിൽ നിയമനം നൽകുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ; | (ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്ത് ഫുൾടൈം ഒഴിവുകൾക്കുള്ള പ്രായപരിധി കഴിഞ്ഞ ഉദ്യോഗാർത്ഥികളെ പാർട്ട് ടൈം തസ്തികകളിലേയ്ക്ക് പരിഗണിച്ച് നിയമനം നൽകുന്നുണ്ട്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന പാർട്ട് ടൈം നിയമനം നടത്തുന്നത് പാർട്ട് ടൈം കണ്ടിജന്റ് സ്പെഷ്യൽ റൂൾസ് പ്രകാരമാണ്. |
| (സി) പി.എസ്.സി. നിയമനങ്ങൾക്ക് പ്രായപരിധി ഉയർത്തിയ സാഹചര്യത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചു വഴിയുള്ള നിയമനങ്ങൾക്ക്, പാർട്ട് ടൈം തസ്തികകൾക്കുൾപ്പെടെ, പ്രായപരിധി ഉയർത്തുമോ ; വിശദമാക്കുമോ ? | (സി) പി.എസ്.സി. നിയമനങ്ങൾക്ക് പ്രായപരിധി ഉയർത്തിയ സാഹചര്യത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചു മുഖേനയുള്ള ഫുൾ ടൈം തസ്തികകളിലേയ്ക്കുള്ള നിയമനങ്ങളിലും പ്രായപരിധി ഒരു വർഷം വർദ്ധിപ്പിച്ചിട്ടുണ്ടെങ്കിലും, പാർട്ട് ടൈം ഒഴിവുകൾക്ക് പരിഗണിക്കുന്നതിനുള്ള ഉയർന്ന പ്രായപരിധി 50 വയസ് എന്നത് വർദ്ധിപ്പിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ